പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3321 — 10.12.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ദുരുപയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർക്ക് സ്വന്തമായി പത്ത് സെന്റ് ഭൂമി നികത്താം എന്ന നെൽവയൽ തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥ വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പ്രസ്തുത അനുമതിയുടെ മറവിൽ ഭൂമാഫിയ തഴച്ച് വളരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) 2018-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയ ശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ എത്ര അപേക്ഷകളാണ് ലഭിച്ചത്; ഇതിൽ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) 2018-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ ഭേദഗതി നടപ്പിലാക്കിയ ശേഷം വീടുവയ്ക്കാനായി നെൽവയൽ നികത്താൻ 14 ജില്ലകളിൽ നിന്നായി ആകെ 4424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 877 അപേക്ഷകൾക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ